# Desabhimani
# 27 August 2018
# Kochi, After Flood

## അരിയും പലവ്യഞ്ജനങ്ങളും തട്ടിയെടുക്കാൻ സേവാഭാരതി

**കൊച്ചി**

പ്രളയജലത്തിൽ മുങ്ങിയ കേരളത്തിലെ ജനങ്ങൾക്കായി എത്തിച്ച അരിയുൾപ്പെടെയുള്ള അവശ്യവസ്തുക്കൾ തട്ടിയെടുക്കാൻ ആർഎസ്എസ് നിയന്ത്രണത്തിലുള്ള സേവാഭാരതി. കലക്ടറുടെ പേരിൽ മുംബൈയിൽനിന്ന് ട്രെയിൻമാർഗം എറണാകുളത്ത് എത്തിച്ച സാധനങ്ങൾ തങ്ങൾക്കുവേണ്ടിയാണെന്ന അവകാശവാദവുമായാണ് സേവാഭാരതി പ്രവർത്തകർ എത്തിയത്. ഞായറാഴ്ച രാത്രി എട്ടോടെ എറണാകുളം നോർത്തിലാണ് മുംബൈയിൽനിന്നുള്ള സാധനങ്ങളുമായി വാഗൺ എത്തിയത്. കലക്ടറുടെ പേരിൽ അരി, പയറുവർഗങ്ങൾ, കുടിവെള്ളം, വസ്ത്രങ്ങൾ എന്നിവയുൾപ്പെട്ട ആറു ടൺ സാധനങ്ങളാണ് എത്തിയത്. എന്നാൽ, സാധനങ്ങൾ തങ്ങൾക്കുള്ളതാണെന്ന വാദമുന്നയിച്ച് സേവാഭാരതിക്കാർ രംഗത്തെത്തി. കലക്ടറുടെ പേരിൽ വാഗൺ ബുക്ക് ചെയ്താൽ റെയിൽവേക്കു കടത്തുകൂലി നൽകേണ്ടതില്ല. ഇത് മുതലെടുത്ത് സേവാഭാരതി മുംബൈയിൽനിന്ന് സാധനങ്ങൾ എറണാകുളത്തെത്തിക്കുകയായിരുന്നുവെന്ന് ആരോപണമുണ്ട്. സാധാരണ ഇത്രയും വസ്തുക്കൾക്ക് ഒരുലക്ഷം രൂപ കടത്തുകൂലി ഈടാക്കും.

ദുരിതാശ്വാസത്തിന്റെ മറവിൽ സേവാഭാരതി കേരളത്തിലേക്ക് സാധനങ്ങൾ കടത്തുകയായിരുന്നു. സേവാഭാരതിക്കാർ എറണാകുളം നോർത്തിലെത്തി വാഗണിൽനിന്ന് സാധനങ്ങൾ കൈപ്പറ്റാൻ ശ്രമിച്ചെങ്കിലും റെയിൽവേ വിട്ടുനൽകിയില്ല. തുടർന്ന് സേവഭാരതിക്കാർ റെയിൽവേ ഉദ്യോഗസ്ഥരുമായും തർക്കത്തിലായി.